സുബോധം പദ്ധതിയുടെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനായും പൂർണ്ണമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി 27-4-2015-ലെ ജി.ഒ. (എംഎസ്.)73/15/നി.വ. നമ്പർ ഉത്തരവ് പ്രകാരം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും 25-9-2015-ലെ ജി.ഒ. (എംഎസ്.)171/15/നി.വ. നമ്പർ ഉത്തരവ് പ്രകാരം 'സുബോധം' പദ്ധതിരേഖ അംഗീകരിച്ച് നടപ്പിലാക്കിവരുന്നു.

ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് ധനസഹായം

126 (1866) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് ധനസഹായത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) സമൂഹത്തിൽ വർദ്ധിച്ചുവരുന്ന അമിത മദ്യപാനം, ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവയിൽ നിന്നും കേരള സമൂഹത്തെ വിമുക്തമാക്കുക, മദ്യ-മയക്കുമരുന്നുകൾക്ക് അടിമകളായവരെ ലഹരിമുക്ത ചികിത്സയിലൂടെ വീണ്ടും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പൂർണ്ണമായ മേൽനോട്ട ചുമതല സംസ്ഥാന എക്സൈസ് വകുപ്പിനാണ്. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഫണ്ടിൽ നിന്നാണ് ടി ധനസഹായം നൽകുന്നത്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ പരിശോധനകൾക്ക് ശേഷം അർഹരായ സ്ഥാപനങ്ങളെ കണ്ടെത്തി ധനസഹായം അനുവദിക്കുകയാണ് ചെയ്തുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിയോട് അനുബന്ധിച്ച് പരിശോധനകൾ നടത്തി അർഹമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി 29-10-2013-ലെ സ.ഉ (സാധാ.)നമ്പർ 848/2013/നി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എക്സൈസ് കമ്മീഷണർ ചെയർമാനായും കെ.എസ്.ബി.സി. മാനേജിംഗ് ഡയറക്ടർ കൺവീനറായും, സാമൂഹ്യനീതി ഡയറക്ടർ, ഒരു സാമൂഹ്യപ്രവർത്തക എന്നിവർ അംഗങ്ങളായുമുള്ള സംസ്ഥാന തല സമിതിയും ജില്ലാ കളക്ടർ ചെയർമാനായും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ കൺവീനറായും ജില്ലാ സാമൂഹ്യനീതി ഡയറക്ടർ, ഒരു സന്നദ്ധ പ്രവർത്തകൻ എന്നിവർ അംഗങ്ങളായിട്ടുമുള്ള ജില്ലാതല സമിതിയും രൂപീകരിച്ചിട്ടുണ്ട്.

കൂടാതെ പരിശോധനകൾ നടത്തുന്നതിനായി 23-8-2013 തീയതിയിലെ ജി.ഒ.(എംഎസ്.) നമ്പർ 147/2013/നി.വ. പ്രകാരം ഇതിനായുള്ള മാനദണ്ഡം രൂപീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഈ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതല സമിതിയുടെയും സംസ്ഥാനതല സമിതിയുടെയും പരിശോധനകൾക്കുശേഷം 2014-15 വർഷത്തേയ്ക്ക് 11 ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ആകെ 1,00,35,840 രൂപ അനുവദിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തേയ്ക്ക് ഇത്തരത്തിൽ ധനസഹായത്തിനർഹമായ 4 സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്.

മദ്യ നികുതിയിലെ വർദ്ധനവും അധിക വരുമാനവും

127 (1867) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മദ്യത്തിന് ഏർപ്പെടുത്തിയിരുന്ന നികുതി എത്ര ശതമാനമാണ്; ഇതു വഴി എത്ര രൂപയാണ് ഖജനാവിലേയ്ക്ക് ലഭിച്ചിരുന്നത്;

(ബി) അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം എത്ര ശതമാനം വീതം നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്; ഇപ്പോൾ എത്ര ശതമാനമാണ് നികുതി ; നികുതി വർദ്ധനവിലൂടെ ഓരോ തവണയും എത്ര തുകയാണ് അധികമായി ലഭിച്ചതെന്ന് വിശദമാക്കാമോ;

(സി) നികുതി വർദ്ധനവിലൂടെ പ്രതീക്ഷിച്ച അധിക വരുമാനം ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നും വ്യക്തമാക്കാമോ;

(ഡി) ബാറുകൾ നിരോധിച്ച ശേഷം ഈ ഇനത്തിൽ കുറവോ വർദ്ധനവോ ഉണ്ടായിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly